**ബ്രഹ്മണ്യവസ്ഥിതമതിർഭഗവത്യാത്മസംശ്രയേ**
**നിവൃത്ത ജീവാപത്തിത്വാത് ക്ഷീണക്ലേശാ ƒƒപ്തനിർവൃതി: (3–33–26)**
**സ്വാംഗം തപോയോഗമയം മുക്തകേശം ഗതാംബരം**
**ദൈവഗുപ്തം നബുബുധേ വാസുദേവപ്രവിഷ്ടധീ: (3–33–29)**

മൈത്രേയൻ തുടർന്നു:
കപിലന്റെ പ്രവചനം കേട്ട് ദേവഹൂതി അതീവ സന്തുഷ്ടയും പ്രബുദ്ധയുമായിത്തീർന്നു. ഹൃദയം നിറഞ്ഞ പ്രാർത്ഥനയേടെ അവർ ഭഗവാനു നന്ദി പറഞ്ഞു. "സൃഷ്ടികർത്താവായ ബ്രഹ്മാവുപോലും അങ്ങയെ മാനസപുത്രനായിട്ടാണല്ലോ സൃഷ്ടിച്ചത്. അങ്ങ്, എല്ലാ കർമ്മങ്ങൾക്കുമതീതനും അങ്ങയുടെ ശക്തി അളവറ്റതുമത്രെ. വിശ്വത്തിന്റെ മുഴുവൻ നാഥനായ അങ്ങ് സൃഷ്ടി, സ്ഥിതി, സംഹാരകർമ്മ ങ്ങളിലേർപ്പെട്ടപ്പോലെ കാണപ്പെടുന്നു. ഓരോ ലോകചക്രങ്ങൾ കഴിയുമ്പോഴും ഈ വിശ്വം മുഴുവൻ ഉൾവലിയുന്നതും അങ്ങിലേക്കുതന്നെ. ഇങ്ങിനെയൊക്കെയാണെങ്കിലും എന്റെ ഉദരത്തിൽ പിറക്കാൻ അങ്ങെന്തുകൊണ്ടു തീരുമാനിച്ചു എന്നു ഞാൻ വിസ്മയിക്കുന്നു. ധർമ്മരക്ഷയ്ക്കും അധർമ്മനിർമ്മാർജ്ജന ത്തിനും വേണ്ടി ഓരോ വ്യക്തിത്വം സ്വീകരിക്കുകയാണവിടുന്ന്. ഏറെ താഴ്ന്നരീതിയിൽ ജീവിക്കുന്ന – നായ്മാംസം കഴിക്കുന്ന– ആളുകൾക്കുപോലും അവിടുത്തെ നാമശ്രവണം കൊണ്ടും നാമോച്ചാരണം കൊണ്ടും ബ്രാഹ്മണപദവി ലഭ്യമത്രെ. അവിടുത്തെ മഹിമയാൽ ദർശനമാത്രേണ ഈ ലോകജീവിതത്തിന്റെ കഷ്ടപ്പാടുകളിൽനിന്നു മുക്തിയും സാദ്ധ്യമാണ്. അങ്ങെന്റെപുത്രൻ കപിലനായി പിറന്നുവെങ്കിലും അവിടുന്ന് ആ പരമാത്മസ്വരൂപം തന്നെയെന്നു ഞാനറിയുന്നു."

താൻ വിശദീകരിച്ച യോഗമാർഗ്ഗങ്ങൾ സ്വീകരിച്ചു ജീവിക്കുന്ന പക്ഷം ആത്മസാക്ഷാത്ക്കാരം ലഭിക്കുമെന്ന് കപിലൻ അമ്മയ്ക്കു വീണ്ടും ഉറപ്പു നൽകി. പിന്നീടദ്ദേഹം അമ്മയോട് യാത്രപറഞ്ഞ് വടക്കുകിഴക്കേ ദിശയിലൂടെ സമുദ്രത്തിൽ പ്രവേശിച്ച് മറഞ്ഞു. അവിടെ ദിവ്യപ്രഭയോടെ അദ്ദേഹം വാഴുന്നു. ദേവഹൂതി തന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് യോഗമാർഗ്ഗങ്ങൾ ശരിയാംവണ്ണം അനുവർത്തിച്ചു പോന്നു. തന്റെ ജീവിതത്തിന്റെ വസന്തകാലം കർദ്ദമനുമൊത്ത് വസിച്ചിരുന്ന അതിവിശാലമായ കൊട്ടാരം ഉപേക്ഷിച്ച് ദേവഹൂതി ധ്യാനമാർഗ്ഗത്തിലൂടെ ആത്മസാക്ഷാത്ക്കാരത്തിനായി തപസ്സിരുന്നു. പാൽപ്പാടയുടെ മാർദ്ദവമുള്ള കിടക്കകളും, അപ്സരകന്യകമാരുടെ പ്രതിമകളാലലംകൃതമായ കണ്ണാടിച്ചുവരുകളും, ചുറ്റുപാടും നന്ദനോദ്യാനങ്ങളും നിറഞ്ഞ ആ ഗൃഹമാണ് ദേവഹൂതി ധ്യാനത്തിനായി ഉപേക്ഷിച്ചത്. തന്റെ ഹൃദയനിവാസിയായ ആത്മസ്വരൂപത്തെ വിശ്വമായിക്കണ്ടു ധ്യാനിച്ച് ഇടമുറിയാതുള്ള ഭക്തിസാധനയാൽ മനസ്സുനിറച്ച് യോഗമാർഗ്ഗങ്ങളിലൂടെ ആസക്തി ഇല്ലാതാക്കി അവർ ആത്മജ്ഞാനം നേടി. ദേവഹൂതിയുടെ മനസ്സ് പരബ്രഹ്മത്തിലും ഭഗവാനിലും ഉറച്ചിരുന്നതിനാൽ വ്യക്തിത്വബോധമെന്ന തെറ്റിദ്ധാരണയിൽനിന്നു മോചിതയാവുകയും അങ്ങിനെ ദു:ഖവിമോചനമുണ്ടാവുകയും ചെയ്തു. അവൾ ശരീരബുദ്ധിക്കതീതയായി. ശരീരം തപസ്സിനാലും യോഗമാർഗ്ഗങ്ങളിലൂടെയും പലേവിധമാറ്റങ്ങൾക്കടിമപ്പെട്ടുവെങ്കിലും ഭഗവാന്റെ പരിരക്ഷയിലായിരുന്നു. തന്റെ മുടിക്കെട്ടഴിഞ്ഞതോ വസ്ത്രമുരിഞ്ഞുപോയതോ അവളറിഞ്ഞില്ല. അവളുടെ വ്യക്തിബോധം വാസുദേവന്റെ പരമാത്മബോധത്തിൽ വിലയം പ്രാപിച്ചിരുന്നു. ദേവഹൂതിക്ക് ആത്മസാക്ഷാത്ക്കാരവും മുക്തിയും കിട്ടിയസ്ഥലത്തിന് സിദ്ധപാദം എന്നു പറയുന്നു. നശ്വരമായ ശരീരം വീണിടത്ത് ഒരു നദിയുണ്ടായി.

കപിലന്റെ മഹിമകൾ അങ്ങിനെയൊക്കെയാണ്. ഇതു കേൾക്കുന്നവരിൽ ഭഗവൽപ്രേമം അങ്കുരിക്കുന്നു.